**നോമ്പുകാലം ഒന്നാം ഞായർ**

**മത്താ 4:1–11**

**പ്രലോഭനമില്ലാത്തവനു പുണ്യമുണ്ടോ?**

റവ. ഫാ. വർഗീസ് തൊട്ടിയിൽ

പരീക്ഷകളെല്ലാം നമ്മുടെ മാറ്റുരച്ചു നോക്കാനുള്ള അവസരങ്ങളാണ്. പരീക്ഷിക്കപ്പെടുന്നതിനായി യേശുവിനെ ആത്മാവ് മരുഭൂമിയിലേക്ക് നയിച്ചു. പരീക്ഷകൾ നമ്മെ തിന്മയിലേക്ക് നയിക്കുന്നവയല്ല; തിന്മയെ കീഴടക്കാനുള്ള ബലം നമ്മിൽ രൂപപ്പെടുത്തുന്നവയാണ്. പ്രലോഭനങ്ങൾ നാം മനുഷ്യരായിരിക്കുന്നതിന്റെ ശിക്ഷയല്ല; അത് മനുഷ്യത്വത്തിന്റെ മഹത്വമാണ്. ക്രിസ്തു കടന്നു പോയതു കണക്കെയുള്ള പരീക്ഷകളിലൂടെ നാം കടന്നുപോകുമ്പോൾ ദൈവത്തിന്റെ പദ്ധതിയനുസരിച്ച് ഉപയോഗയോഗ്യമായ പാത്രങ്ങളായി നാം രൂപപ്പെടുന്നു.

പ്രസിദ്ധ ഫ്രഞ്ചുചിന്തകനായ സാർത്ര് മനുഷ്യന്റെ സത്താപരമായ ഏറ്റവും വലിയ സവിശേഷതയെന്തെന്ന് അന്വേഷിക്കുന്നുണ്ട്. നിഷേധപ്രാപ്തിയാണ് മനുഷ്യനെ മനുഷ്യനാക്കുന്നതെന്ന് സാർത്ര് കരുതുന്നു. പച്ചപ്പുല്ലിന്റെ മുമ്പിൽ പശുവിനു നിരാഹാരം കിടക്കാനാവില്ല. അങ്ങേ വീട്ടിലെ ചക്കിപ്പൂച്ചയുടെ നിറം കറുപ്പായതിനാൽ അതുമായി ഇണചേരില്ലെന്ന് ഒരു കണ്ടൽപൂച്ചയും നിശ്ചയിക്കാറില്ല. എന്നാൽ ഒരു മനുഷ്യന് ആഹാരത്തിന്റെ മുമ്പിൽ നിരാഹാരവും കല്യാണത്തിന്റെ മുമ്പിൽ കന്യാവ്രതവും സ്വീകരിക്കാനാവും. ഈ നിഷേധമാണ് മനുഷ്യനെ മനുഷ്യനാക്കുന്നത്. ജന്മവാസനകളെയെല്ലാം ശമിപ്പിക്കുന്ന തരത്തിലുള്ള മൃഗീയമായ ഭോഗാവസ്ഥയിൽ നിന്നും ആത്മീയതയുടെ യോഗാവസ്ഥയിലെത്തിച്ചേരാൻ നമുക്കെല്ലാവർക്കും ഒരു മരുഭൂമിവാസം ആവശ്യമാണെന്ന ഓർമ്മപ്പെടുത്തലോടെയാണ് നോമ്പുകാലം ഒന്നാം ഞായറാഴ്ചയായ ഇന്നത്തെ സുവിശേഷം ആരംഭിക്കുന്നത്. ആ മരുഭൂമിയിൽ യേശു ഒറ്റയ്ക്കാണ്. ഇവൻ എന്റെ പ്രിയപുത്രൻ; ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു എന്ന് പിതാവ് അരുളിച്ചെയ്തു. ആ മൊഴി ഒരു ദൗത്യത്തെക്കുറിച്ചുള്ള ഓർമപ്പെടുത്തലാണ്. ആ ദൗത്യത്തിനായി തന്നെത്തന്നെ ഒരുക്കാൻ ആത്മീയതയുടെ യഥാർത്ഥ രോഗാവസ്ഥയിലെത്തിച്ചേരാൻ യേശു തപസ്സനുഷ്ഠിക്കുന്നു.

ദൈവത്തിന്റെ സ്വരം കേൾക്കാനും ദൈവികപദ്ധതിയനുസരിച്ച് ജീവിതം ക്രമപ്പെടുത്താനുള്ള കുതറിമാറലിന്റെ പേരാണ് മരുഭൂമിവാസം. അപ്പത്തിന്റെ ഭൗതികതയ്ക്കതീതമായി ചിന്തിക്കാൻ നേരമില്ലാതെ വ്യഗ്രത പൂണ്ട് നടക്കുന്നവരൊക്കെ മരുഭൂമിയിലേക്ക് പ്രവേശിച്ച് ഈ ലോകസുഖത്തിന്റെ ചഷക മധുരപാത്രമാസ്വദിക്കലും സമ്പത്തിന്റെയും പദവിയുടെയും അധികാരപ്രമത്തതയുടെയും ഉന്മാദങ്ങളിലാറാടി നടക്കുന്നവരും മരുഭൂമിയിലേക്ക് പ്രവേശിച്ച് ദൈവസ്വരം കേൾക്കേണ്ടതുണ്ട്. അതിനു നമ്മെ സഹായിക്കുന്ന ഈ പരിത്യാഗത്തിന്റെ നാളുകളിൽ ജീവിതത്തിലാവർത്തിക്കുന്ന പരീക്ഷകളെ നേരിടാനുള്ള ബലത്തിനായ് തപസ്സനുഷ്ഠിക്കാം.

തപസ്സിനു ശേഷമാണ് പരീക്ഷകൻ പരീക്ഷണം ആരംഭിക്കുന്നത്. അതു പിന്നെ മരണം വരെ തുടരുകയും ചെയ്യും. നിതാന്തജാഗ്രതയാണ് നമ്മുടെ സ്വാതന്ത്ര്യത്തിനു നാം നാം നല്കേണ്ട വില. 1. വിശക്കുമ്പോൾ അപ്പമാണ് മനുഷ്യൻ തേടുന്നത്. അത്രയേ പ്രലോഭകൻ യേശുവിനെ ഓർമിപ്പിച്ചുള്ളൂ. ദൈവപുത്രനായതിനാൽ ചുറ്റുമുള്ള ചുണ്ണാമ്പ് കല്ലുകളെ അപ്പമാക്കാനാവും. രണ്ട് തരത്തിലാണ് ഒന്നാമത്തെ പരീക്ഷയിൽ യേശു പ്രലോഭിപ്പിക്കപ്പെടുന്നത്. എ. തന്റെ ദൈവപുത്രത്വത്തെ സ്വാർത്ഥതാത്പര്യത്തിനായി വിനിയോഗിക്കുക; തന്റെ വിശപ്പിനെ ശമിപ്പിക്കാൻ. ബി. കല്ലുകളെ അപ്പമാക്കി കഴിച്ചാലും വിശപ്പ് ഇനിയും ഉണ്ടാകില്ലേ. അപ്പോൾ വിശപ്പിനെ പ്രതിരോധിക്കാൻ യഥാർത്ഥ ശമനവും സംതൃപ്തിയും രൂപപ്പെടാൻ ഒരാൾ എന്തു ചെയ്യേണ്ടതുണ്ടെന്നുള്ള തിരിച്ചറിവ്. യേശുവിന്റെ ഉത്തരം ശാശ്വതമായ സമാധാനവും പരീക്ഷണത്തിലുള്ള വിജയവുമായി മാറുന്നു; മനുഷ്യൻ അപ്പം കൊണ്ടു മാത്രമല്ല,

ദൈവത്തിന്റെ നാവിൽ നിന്നു പുറപ്പെടുന്ന വാക്കു കൊണ്ടുമാണ് ജീവിക്കുന്നത്. ദൈവത്തിൽ ആശ്രയിക്കുക, അവിടുത്തെ വചനത്തിൽ ജീവിക്കുക – അതു മാത്രമാണ് വിശപ്പിനെ ഇല്ലാതാക്കാനുള്ള ശാശ്വതപരിഹാരം. തന്റെ ദൈവപുത്രസ്ഥാനത്തെ ക്രിസ്തു ദുരുപയോഗിച്ചില്ല എന്നുമാത്രമല്ല അപ്പം കൊണ്ട് മാത്രം ശമിപ്പിക്കപ്പെടുന്നതല്ല ഒരു വിശപ്പെന്നും നമ്മെ പഠിപ്പിക്കുകയും ചെയ്യുന്നു. അപ്പത്തിനു മുന്നിൽ നിഷേധിയാകുന്ന ഈ സ്വത്വബോധമാണ് മനുഷ്യനെ ആത്മീയാനന്ദത്തിലേക്കും യഥാർത്ഥ സംതൃപ്തിയിലേക്കും നയിക്കുന്നത്.

2. തന്റെ ദൗത്യത്തെ എളുപ്പമാക്കുകയെന്ന പ്രലോഭനത്തെയാണ് യേശു രണ്ടാമത് നേരിടുന്നത്. അദ്ഭുതപ്രവർത്തകനാകുക; ജനം മുഴുവൻ അതിലാകൃഷ്ടരാകും. കാര്യങ്ങൾ എളുപ്പമാകും. താഴേക്കു ചാടിയാലും ദൈവം രക്ഷിക്കുമെന്നു പറയുന്ന, ദൈവത്തിനിതൊക്കെയാണ് പണിയെന്ന് കരുതി ജീവിതം ക്രമപ്പെടുത്തുന്ന എളുപ്പവഴികളിലൂടെ ക്രിയ ചെയ്യാനുള്ള പ്രലോഭനത്തെയാണ് നാമിനി അതിജീവിക്കേണ്ടത്. പണം നേടാൻ, പദവി കരസ്ഥമാക്കാൻ, പരീക്ഷയിൽ ജയിക്കാൻ, ഇന്റർവ്യൂ കടന്നുകൂടാൻ, ജോലി കിട്ടാൻ ഒക്കെ എളുപ്പവഴികൾ ഓഫർ ചെയ്യപ്പെടുന്നുണ്ട്. എല്ലാം ദൈവം നോക്കിക്കൊള്ളും; ദൈവത്തിനെല്ലാമറിയാമെന്നു നിനച്ച് ദൈവത്തെ പരീക്ഷിക്കല്ലേ. നാം കാഴ്ച വയ്ക്കേണ്ട അധ്വാനവും പരിശ്രമവും നാം കാഴ്ച വയ്ക്കുക തന്നെ വേണം.

3. മൂന്നാമത്തെ പ്രലോഭനമാണ് നമ്മെയൊക്കെ വല്ലാത്ത പരീക്ഷണത്തിലേക്ക് നയിക്കുന്നത്. ലോകം മുഴുവനെയും നേടാനാണല്ലോ നീ വന്നത്. ലോകം മുഴുവനെയും നേടാനാണല്ലോ നീ വന്നത്. സമയം കളയേണ്ടതില്ല. ഒരു പ്രാവശ്യം എന്നെയൊന്ന് കുമ്പിട്ടാരാധിച്ചാൽ മതി. ഒറ്റത്തവണ മാത്രം. അതിനു മുമ്പും അതിനു ശേഷവും അങ്ങനെ ചെയ്യണമെന്നില്ല. ഒറ്റ പ്രാവശ്യം. ഒരു പ്രാവശ്യമൊന്നു കോംപ്രമൈസ് ചെയ്യൂ. ഒരു തവണ മാത്രം ഒരു ധാരണ. യേശുവിനറിയാം തിന്മയുമായി ധാരണയിലെത്തുന്നവർക്ക് തിന്മയെ ജയിക്കാനാവില്ലെന്ന്. അതൊരു തരം അടിമത്തമാണ്. ഈ ബന്ധം ഒരു തവണ മാത്രം; സ്നേഹം കൊണ്ടല്ലേ. ഈ പെഗ് മാത്രം നമ്മുടെ ഒരു കൂട്ടായ്മയുടെ ഭാഗമല്ലേ. ഒന്നു കണ്ണടച്ചാൽ മതി, ആ കോൺട്രാക്ട് എനിക്കും കിട്ടും. ഈയൊരു തവണ മാത്രം ഈ സർട്ടിഫിക്കറ്റൊന്നു തിരുത്തിയാൽ മതി, എനിക്കാ ജോലി കിട്ടും. എല്ലാ വെള്ളിയാഴ്ചയും മാംസഭക്ഷണം കഴിക്കുന്നില്ലല്ലോ, ഇന്ന് ഇങ്ങനെയൊരു വിശേഷദിവസമായതു കൊണ്ടല്ലേ ഒറ്റത്തവണ. എല്ലാ പ്രലോഭനവും ഒറ്റത്തവണത്തേയ്ക്കുള്ള ഒത്തുതീർപ്പാണെന്നോർക്കുക.

തന്റെ പരീക്ഷകളേ, വിജയിച്ചതിലൂടെ യേശു നിലപാട് വ്യക്തമാക്കി; എല്ലാ വിശപ്പും ഉണരുമ്പോൾ തന്നെ ശമിപ്പിക്കേണ്ടതില്ല. എളുപ്പവഴിയിൽ ക്രിയ ചെയ്തല്ല തന്റെ ദൗത്യം പൂർത്തീകരിക്കേണ്ടത്. തിന്മയുമായി ഒരു പ്രാവശ്യം പോലും കോംപ്രമൈസ് ചെയ്തുകൂടാ.